പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7001 02.11.2011 ൽ മറുപടിക്ക്

## റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി റോഡുകളിലെ കുഴികളിൽ വീണ് അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം റോഡിലെ കുഴികളിൽ വീണ് മരണപ്പെട്ടതും, പരിക്കേറ്റതുമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം റോഡിലെ കുഴികളിൽ വീണ് പരിക്കേറ്റതും മരണപ്പെട്ടതുമായ സംഭവങ്ങളുടെ കണക്കുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല. ഇത്തരം റിപ്പോർട്ടുകൾ ആഭ്യന്തരവകുപ്പാണ് ശേഖരിക്കാറുള്ളത്. |
| (സി)ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ? | (സി) അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് ഉപരിതലത്തിൽ രൂപപ്പെടുന്ന കുഴികൾ യഥാസമയം അടയ്ക്കുന്നതിന് കർശന നിർദ്ദേശം നല്കി അവ നടപ്പാക്കി വരുന്നു. കൂടാതെ സൈൻ ബോർഡുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അവ സ്ഥാപിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ